**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3890 **24.08.2017-** ലെ മറുപടിക്ക്

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും അംബേദ്ക്കർ ഗ്രാമ വികസന പരിപാടിയിലേക്ക് പമ്മത്തിൻമൂല, കരിക്കകത്ത് എന്നീ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിരുന്നു. എന്നാൽ നിലവിലെ നിബന്ധനയനുസരിച്ച് പമ്മത്തിൻമൂല കോളനി ഫീസിബിളല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ടി കോളനിയ്ക്ക് പകരം ബഹു.എം.എൽ.എ ശുപാർശ ചെയ്യുന്ന കോളനിയെ തെരഞ്ഞടുത്ത് വികസന പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോളനികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഏത് ഏജൻസിയാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കരിക്കകത്ത് കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒന്നാം ഗഡുവായി 50 ലക്ഷം രൂപ അനുവദിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും അതിൻപ്രകാരം എസ്റ്റിമേറ്റെടുത്ത് നൽകുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ